## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2029 07/03/2017-ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രി പ്രഖ്യാപിച്ച സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

| | ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ<br>,, ബി.ഡി. ദേവസ്സി<br>,, പി.കെ. ശശി<br>ശ്രീമതി.വീണാ ജോർജ്ജ് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മുഖ്യമന്ത്രി പ്രഖ്യാപിച്ച സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | നവകേരള മിഷനിൽ ഉൾപ്പെട്ട സമ്പൂർണ്ണ ഭവന നിർമ്മാണ ദൗത്യം (ലൈഫ്) എന്ന പദ്ധതി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി ലക്ഷ്യമിടുന്നു. സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും, സമൂഹത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകളും ജീവനോപാധികളും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. പാവപ്പെട്ടവർക്ക് ഒരു വീട് എന്നതിലുപരി ഓരോ വീട്ടിലെയും |

| | | | |
|---|---|---|---|
| | | | ഒരാൾക്കെങ്കിലും മെച്ചപ്പെട്ട തൊഴിൽ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ, വിവിധ സാമൂഹിക സേവനങ്ങൾ, ചികിത്സയും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങൾ എന്നിവയൊക്കെ ലഭ്യമാക്കുന്ന രീതിയിലുള്ള സുരക്ഷിതമായ ഭവനങ്ങളാണ് ലൈഫ് മിഷനിൽ ലക്ഷ്യമിടുന്നത്. വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ-സാമൂഹ്യ പ്രവർത്തകർ, ഓരോ മേഖലയിലും വൈദഗ്ധ്യം തെളിയിച്ചവർ, സംസ്ഥാന കുടുബശ്രീമിഷൻ തുടങ്ങി വൻ ജനപങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ പദ്ധതി പ്രകാരം അർഹതയുടെ മാനദണ്ഡമെന്തെന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താനായി സ്വീകരിച്ച മാർഗ്ഗമെന്തെന്നും അറിയിക്കാമോ; | (ബി) | കേരളത്തിലെ എല്ലാ ഭൂരഹിത/ഭവന രഹിതർക്കും, ഭവനം പൂർത്തിയാക്കാത്തവർക്കും, നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കുക എന്ന ഉദ്ദേശത്തോടെ മേൽ സൂചിപ്പിച്ചിട്ടുള്ള വിഭാഗമാണ് ഗുണഭോക്താക്കളായി വരുന്നത്.<br>അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധന താഴെ പറയുന്ന മൂന്ന് ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്.<br>1) നിലവിൽ ലഭ്യമായ വിവിധ പട്ടികകളിൽ (എസ്.ഇ.സി.സി, ഡാറ്റാ, പഞ്ചായത്തുകളിൽ ലഭ്യമായ ഭവനരഹിതരുടെ പട്ടിക) ഉള്ള ഗുണഭോക്താക്കൾ.<br>2) പട്ടികയിൽ ഇടം പിടിക്കാത്ത ഭൂരഹിതരും ഭവനരഹിതരുമായ ഗുണഭോക്താക്കൾ.<br>3) സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളായി ഭവന നിർമ്മാണത്തിന് |

| | | | |
|---|---|---|---|
| | | | ളക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരെ കണ്ടെത്തുന്നതിനുള്ള പരിശോധന/വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ കണ്ടെത്തുന്നതിനുള്ള പരിശോധന. ഇവരിൽ നിന്നാണ് അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. കുടുംബശ്രീമിഷൻ മുഖേന അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഭൂരഹിതരായ ഭവന രഹിതർക്ക് ഈ പദ്ധതി ഏതു വിധത്തിൽ പ്രയോജനപ്പെടുമെന്ന് അറിയിക്കാമോ; | (സി) | ഭൂരഹിതരായ ഭവനരഹിതർക്ക് മാന്യവും സുരക്ഷിതവുമായ പാർപ്പിടം നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ഡി) | പദ്ധതിക്ക് എത്ര ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ധനസമാഹരണം ഏതു വിധത്തിലായിരിക്കുമെന്ന് അറിയിക്കാമോ? | (ഡി) | സർവ്വേ പൂർത്തിയായാൽ മാത്രമേ പദ്ധതിക്കു വേണ്ടി വരുന്ന ചെലവിന്റെ അന്തിമ രൂപം, ധനസമാഹരണം തുടങ്ങിയവ സംബന്ധിച്ച തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ